# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 8696/11/12/2023/റ്റി വി എം.**

ഹർജിക്കാരൻ : ആൽബർട്ട്, വലിയവിള വീട്ടിൽ, പൂവച്ചൽ പി.ഓ, 695 575, കാട്ടാക്കട, തിരുവനന്തപുരം.

എതിർകക്ഷികൾ :
1) ബിജു ചപ്പാത്ത് ഉത്തരംകോട് കോട്ടൂർ റോഡ്
2) ഒന്നാം എതിർകക്ഷിയുടെ മകൾ നന്ദന
3) അഖിൽ, മാർത്തോമാ ചർച്ചിന് സമീപം, പുന്നാംകരിക്കകം, പൂവച്ചൽ പി.ഓ
4) എട്ടു പേരടങ്ങുന്ന ഗുണ്ടാസംഘം

**ഉത്തരവ് തീയതി : 10-02-2025.**

ഒന്നാം എതിർകക്ഷിയുടെ മകൾ രണ്ടാം എതിർകക്ഷി നന്ദനയുമായി പ്രണയത്തിലായിരുന്ന ഹർജിക്കാരന്റെ മകൻ അബിൻ ആൽബർട്ടിനെ സ്നേഹബന്ധത്തിൽ നിന്നും പിന്മാറാൻ ഒന്നാം എതിർകക്ഷി ഭീഷണിപ്പെടുത്തിയെന്നും ഒന്നും രണ്ടും മൂന്നും എതിർകക്ഷികളുടെ സഹായത്തോടെ നാലാം എതിർകക്ഷികൾ അബിനെ അതിക്രൂരമായി മർദ്ദിച്ചെന്നും അതിൽ മനംനൊന്ത് 18/11/2023 ന് വിഷം കഴിച്ചോ മറ്റോ മകൻ ആത്മഹത്യ ചെയ്തതെന്നും അതിനാൽ മേൽ എതിർകക്ഷികളുടെ പേരിൽ ആത്മഹത്യാപ്രേരണക്കും, പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമം പ്രകാരവും കേസെടുക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം കൊടുക്കണമെന്നുമാണ് പരാതിയിലെ ആവശ്യം.

പരാതി സംഗതിയിൽ കാട്ടാക്കട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് 9/12/2024 തീയതിയിലെ വിശദമായ റിപ്പോർട്ട് ഫയൽ ചെയ്തു. ഹർജിക്കാരന്റെ മകൻ അബിൻ ആൽബർട്ടിന്റെ മരണത്തിൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ Crime 1771/2023 u/s 174 CrPC രജിസ്റ്റർ ചെയ്തു കാട്ടാക്കട പോലീസ് സ്റ്റേഷൻ ISHO യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടത്തിവന്നിരുന്നതാണെന്നും കേസിന്റെ സിഡി ഫയൽ പരിശോധിച്ചും സാക്ഷികളെ കണ്ട് അന്വേഷണങ്ങൾ നടത്തിയും മൊബൈൽ ഫോണും സിഡി ആറും ശേഖരിച്ച് പരിശോധിച്ചതിലും ഹർജിക്കാരന്റെ ആരോപണങ്ങൾ സാധൂകരിക്കുന്ന തരത്തിലുള്ള തെളിവുകളൊന്നും ലഭിച്ചിട്ടില്ലെന്നും Post-mortem certificate ൽ opinion as to cause of death കോളത്തിൽ Post - Reserve pending the reports of laboratory investigation എന്ന് രേഖപ്പെടുത്തി കാണുന്നുവെന്നും chemical, FSL റിപ്പോർട്ടുകൾ ഇതുവരെ ലഭിച്ചിട്ടില്ലെന്നും അതിനാൽ കേസ് തെളിയേണ്ടും പട്ടികയിൽ ഉൾപ്പെടുത്തി സാവകാശ അന്വേഷണം നടത്തുന്നതിനായി UN റിപ്പോർട്ട് തയ്യാറാക്കി കോടതിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ഡിവൈഎസ്പിയുടെ റിപ്പോർട്ടിൽ പറയുന്നു.

പരാതി പരിഗണനയ്ക്ക് എടുത്ത ഇന്ന് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി തന്റെ മകൻ അബിൻ ആൽബർട്ടിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിൽ ശരിയായ അന്വേഷണം പോലീസ് നടത്തിയിട്ടില്ലെന്ന് ബോധിപ്പിച്ചു.

കമ്മീഷൻ പരാതിയും റിപ്പോർട്ടും പരിശോധിക്കുകയും ഹർജിക്കാരനെ നേരിൽ കേൾക്കുകയും ചെയ്തു. ഹർജിക്കാരന്റെ മകന്റെ മരണത്തിൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം 1771/2023 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുകയും chemical, FSL റിപ്പോർട്ട് കിട്ടാത്തതിനാൽ സാവകാശ അന്വേഷണത്തിനായി കോടതിയിൽ U N report സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറൽ പ്രസ്തുത കേസ് ഫയൽ വിളിച്ചുവരുത്തി പരിശോധിക്കുകയും ആവശ്യമെങ്കിൽ ബന്ധപ്പെട്ട കോടതിയുടെ മുൻകൂർ അനുമതി വാങ്ങി ടി കേസിന്റെ തുടരണേഷണം ജില്ല ക്രൈംബ്രാഞ്ചിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. പ്രസ്തുത ഡിവൈഎസ്പി ഹർജിക്കാരനും മറ്റ് ബന്ധപ്പെട്ട കക്ഷികൾക്കും മുൻകൂട്ടി നോട്ടീസ് കൊടുത്ത് അവരുടെ മൊഴി രേഖപ്പെടുത്തിയും അനുബന്ധ രേഖകൾ പരിശോധിച്ചും ടി കേസിന്റെ അന്വേഷണം സത്യസന്ധവും നിഷ്പക്ഷവുമായി നടത്തി കാലതാമസം കൂടാതെ പൂർത്തിയാക്കണം. Abetment to commit suicide ഉൾപ്പെടുന്നുണ്ടോ എന്നുള്ള കാര്യവും വിശദമായി പരിശോധിച്ച് 6 മാസത്തിനുള്ളിൽ തുടരന്വേഷണം പൂർത്തിയാക്കി അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ക്രിമിനൽ കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ ഈ പരാതിയിലെ നടപടി കമ്മീഷൻ അവസാനിപ്പിക്കുന്നു. ഹർജിക്കാരനും പരാതിയുടെയും റിപ്പോർട്ടിന്റെയും പകർപ്പ് സഹിതം ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറലിനും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക

( ഒപ്പ്)

ജസ്റ്റിസ് അലക്സാണ്ടർ തോമസ്

ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.

j